# 27.04.2016 ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു സാധാരണ യോഗം 27.04.2016ന് 11.00 മണിക്ക് നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അധ്യക്ഷതയിൽ ആരംഭിച്ചു.

## യോഗത്തിലെ ഹാജർ:

| ക്രമ നമ്പർ | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | എടകണ്ടൻ യൂസഫ് | 1 |
| 2 | സുലൈമാൻ പാറമ്മൽ | 2 |
| 3 | അബ്ദുൾ നാസർ തിരുനിലത്ത് | 3 |
| 4 | ഉസ്മാൻകുട്ടി പരവക്കൽ | 4 |
| 5 | ബുഷ്റ ഷെബീർ | 5 |
| 6 | കെ.വി. രാജസുലോചന | 6 |
| 7 | ചന്ദ്രിക.കെ | 7 |
| 8 | ടി.വി. മുംതാസ് | 8 |
| 9 | പി. റംല ടീച്ചർ | 9 |
| 10 | അലവി തൈക്കാട്ട് | 10 |
| 11 | ടി.പി. സുബൈർ | 11 |
| 12 | അബ്ദുൾ റഹീം (നാണി) | 12 |
| 13 | ടി.വി. സുലൈഖ | 13 |
| 14 | കെ.കെ. നാസർ | 14 |
| 15 | ജമീല അബു | 15 |
| 16 | റംല കറുത്തേടത്ത് | 16 |
| 17 | മാട്ടുമ്മൽതൊടി ഫരീദ | 17 |
| 18 | നന്ദകുമാർ പള്ള്യാൽ | 18 |
| 19 | അബ്ദുറഹ്മാൻ.കെ.വി. (കുഞ്ഞാപ്പു) | 19 |
| 20 | പുത്തൻപിടീയേക്കൽ ആയിഷ ഉമ്മർ | 20 |
| 21 | വേളക്കാടൻ ലൈല റഷീദ് | 21 |
| 22 | കരുവക്കോട്ടിൽ സുഹറാബി | 22 |
| 23 | ഗിരിജ ടീച്ചർ | 23 |
| 24 | സൈതലവി (കോയാപ്പു) | 24 |
| 25 | അമരിയിൽ ആഷിത റസാഖ് | 25 |
| 26 | ജിനി | 26 |
| 28 | അബ്ദുള്ളകുട്ടി (അബ്ദു മങ്ങാടൻ) | 28 |
| 29 | അഹമ്മദ് മണ്ടായപ്പുറം) | 29 |
| 31 | സാജിദ് മങ്ങാട്ടിൽ | 31 |
| 32 | രാമചന്ദ്രൻ മഠത്തിൽ | 32 |

കൂടാതെ സെക്രട്ടറി, വകുപ്പുമേധാവികൾ എന്നിവർ പങ്കെടുത്തു.

**യോഗത്തിലെ തീരുമാനം**

## 1. G1-2399/16

ദിവസവേതനാടിസ്ഥാനത്തിലും, കരാർ വ്യവസ്ഥയിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം പുതിക്കി നിശ്ചയിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ 26/02/2016ലെ ജി.ഒ(പി) 28/16/ഫിൻ നമ്പർ ഉത്തരവ് കൗൺസിൽ അറിവിലേയ്ക്ക്.

### തീരുമാനം

വായിച്ചു റിക്കാർഡാക്കി. സർക്കാർ ഉത്തരവ് പ്രകാരം വേതനം അനുവദിക്കുവാൻ തീരുമാനിച്ചു.

## 2.G1-12657/11

ഈ നഗരസഭയിൽ ICWAI ട്രെയിനിയായി ശ്രീ. മുഹമ്മദ് റിയാസ്.കെ.കെ., S/o. ഉമ്മർ.കെ.കെ. കുന്നക്കടാൻ ഹൗസ്, ഒതുക്കുങ്ങൽ.(പി.ഒ) എന്നവരെ ശുപാർശ ചെയ്തുകൊണ്ട് ICWAI കൊച്ചിൻ ചാപ്റ്റർ ഡയറക്ടറുടെ 05/03/2016ലെ KOCH/P&D-9/2016-17 നമ്പർ കത്ത് കൗൺസിൽ പരിഗണനയ്ക്ക്

**കുറിപ്പ്:** ടിയാൻ 09/03/2016 മുതൽ ട്രെയിനിയായി ചേരുന്നതിന് അനുവാദം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

### തീരുമാനം

അംഗീകരിച്ചു. ടിയാൻ 09.03.2016 മുതൽ ട്രെയിനിയായി തുടരുന്ന നടപടി അംഗീകരിച്ചു.

## 3. G4-5887/16

നഗരസഭ കൗൺസിലർമാരുടെ ഓണറേറിയം, ദിനബത്ത എന്നിവ കൈപ്പറ്റുന്നത് സംബന്ധിച്ച് പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള 18/03/2016ലെ 2/എ/2016/സം.തി.ക. നമ്പർ സർക്കുലർ കൗൺസിലിന്റെ അറിവിലേയ്ക്ക്.

### തീരുമാനം

വായിച്ചു റിക്കാർഡാക്കി.

## 4. H1-5266/16

നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് വീട് വെക്കുന്നതിന് KURDFCയിൽ നിന്നും പലിശ രഹിത വായ്പ അനുവദിക്കുന്നത് സംബന്ധിച്ച 26/2/2016ലെ KURDFCയുടെ കെ.യു.ആർ.ഡി.എഫ്.സി./എച്ച്.എം.സി.ഇ./277/2015-16 നമ്പർ കത്ത് കൗൺസിലിന്റെ അറിവിലേയ്ക്കും പരിഗണനയ്ക്കും.

**കുറിപ്പ്:** വായ്പയുടെ പൊതുവായ വ്യവസ്ഥകൾ കത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

### തീരുമാനം

വായിച്ചു റിക്കാർഡാക്കി. തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

## 5.H1-17984/15

കോട്ടക്കൽ നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ചങ്കുവെട്ടി അൽമാസ് ആശുപത്രിയുമായി ചേർന്ന് വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള പദ്ധതിയിൽ 40% അൽമാസ് ആശുപത്രിയും 40% മുനിസിപ്പാലിറ്റിയുടെ തനതുഫണ്ടിൽ നിന്നും ബാക്കി 20% പൊതുജനങ്ങളിൽ നിന്നും സമാഹരിച്ചും ചെലവഴിക്കുന്നതിന് അനുമതി നൽകികൊണ്ട് സർക്കാറിന്റെ 01/03/2016ലെ സ.ഉ.(സാധാ) നം.957/2016/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. വിഷയം കൗൺസിൽ അറിവിലേയ്ക്ക്.

### തീരുമാനം

വായിച്ചു റിക്കാർഡാക്കി. ചങ്കുവെട്ടി അൽമാസ് ആശുപത്രിയുമായി ചേർന്ന് വൃക്ക രോഗികൾക്ക് സൗജന്യമായി ഡയലിസിസ് ചെയ്യുന്ന പദ്ധതിയുടെ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനെ ചുമതലപ്പെടുത്തി.

## 6. H1-6381/11

നഗരസഭയിൽ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മുറിവേറ്റ നായ്ക്കളെ ചികിത്സിക്കുന്നതിന് കോട്ടക്കൽ നേച്ചർ ക്ലബ് തയ്യാറാണ് എന്നും ആയതിനായി രണ്ട് കൂടും നായ്ക്കളെ പിടിക്കാനുള്ള വലയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കോട്ടക്കൽ സീനിയർ വെറ്റിനറി സർജന്റെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

## തീരുമാനം

അംഗീകരിച്ചു.

## 7. H1-5983/16

കോട്ടക്കൽ നഗരസഭ 3/16 D (പുതിയ 3208, 3209, 3210, 3211) എന്നീ കെട്ടിടത്തിലെ PVT നമ്പൂതിരീസ് ലഞ്ച് ഹോം എന്ന സ്ഥാപനത്തിന്റെ 2016-17 വർഷത്തെ D&O ലൈസൻസ് പുതുക്കുന്നതിന് ശ്രീ. മൊയ്തു.സി.പി., ചോലപ്പുറത്ത് ഹൗസ്, പാലപ്പുറ, കോട്ടക്കൽ എന്നവർ അപേക്ഷിച്ചിട്ടുണ്ട്. ടി വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 1) നഗരസഭ കൗൺസിലിന്റെ 6/11/2014ലെ 12-ാം നമ്പർ തീരുമാന പ്രകാരം ടി സ്ഥാപനത്തിന് 3 മാസത്തേയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലൈസൻസ് അനുവദിക്കുന്നതിനും പ്രവർത്തനം വിലയിരുത്തിയതിന് ശേഷം തുടർന്ന് ലൈസൻസ് പുതുക്കി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2) ആരോഗ്യ സ്ഥിരം സമിതിയുടെ 16/03/2016ലെ 5-ാം നമ്പർ തീരുമാന പ്രകാരം 2015-16 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

## തീരുമാനം

2016-17 വർഷത്തെ ഡി & ഒ ലൈസൻസ് പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

## 8. H1-6718/16

മാലിന്യ വിമുക്ത കേരളം- മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ 2016മായി ബന്ധപ്പെട്ട്, തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പിന്റെ 01/04/2016ലെ 201/ഡിസി.1/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് നഗരസഭാ കൗൺസിലിന്റെ അറിവിലേയ്ക്കും പരിഗണനയ്ക്കും.

**കുറിപ്പ്:** 1. നഗരസഭയുടെ മേൽനോട്ടത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ടി സർക്കുലറിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

2. നഗരസഭാ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ 20.04.2016ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ആലോചന യോഗം 27/04/2016 ന് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## തീരുമാനം

വായിച്ചു റിക്കാർഡാക്കി. സർക്കുലർ പ്രകാരം നടപടി സ്വീകരിക്കുവാനും 27.04.2016ന് 12 മണിക്ക് നടക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും കൗൺസിലർമാരുടെയും യോഗത്തിൽ വെച്ച് സമയബന്ധിതമായി ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ഇതുസംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നതിന് സി.എച്ച്. സി. മെഡിക്കൽ ഓഫീസറെയും നഗരസഭ ഹെൽത്ത് ഇൻസ്പെക്ടറെയും ചുമതലപ്പെടുത്തി.

## 9. PW1-17000/11

വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 12.08.2015ലെ 2.3-ാം നമ്പർ തീരുമാനത്തിന്റെ പരാമർശത്തിനു, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള കേസ്സുകൾക്ക് കേസൊന്നിന് 15,000/-രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിനും 50,000/-രൂപ വരെ വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതിയ്ക്ക് വിധേയമായി ഈ ഇനത്തിൽ ചെലവഴിക്കുന്നതിനു അനുമതി നൽകികൊണ്ടുള്ള 18.02.2016ലെ തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ സ.ഉ.(എം.എസ്.) നം.36/16/തസ്വഭവ നമ്പർ ഉത്തരവ് കൗൺസിൽ പരിഗണനയ്ക്കായി.

**കുറിപ്പ്:** 50,000/-രൂപയ്ക്ക് മുകളിലുള്ള തുക വക്കീൽ ഫീസായി ചെലവഴിക്കുന്നതിന് സർക്കാറിന്റെ അനുമതി തേടണമെന്ന് ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.

## തീരുമാനം

വായിച്ചു റിക്കാർഡാക്കി. ബിൽ ലഭിക്കുന്ന മുറയ്ക്ക് ഉത്തരവ് പ്രകാരം തുക അനുവദിക്കുവാൻ തീരുമാനിച്ചു.

## 10.PW1-7039/13

ഈ നഗരസഭയിൽ അയ്യങ്കാളി നഗരതൊഴിലുറപ്പുപദ്ധതിയിൽ ഓവർസിയറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ശിവൻ.പി എന്നവരുടെ കരാർ കാലാവധി 2016 മെയ് 21ന് പൂർത്തിയാകുമെന്നതിനാൽ, അടുത്ത ഒരു വർഷത്തേയ്ക്ക് കൂടി കരാർ പുതുക്കി നൽകണമെന്ന ടിയാന്റെ 18/03/2016ലെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

### തീരുമാനം

അംഗീകരിച്ചു.

## 11. PW2-3176/16

കോട്ടക്കൽ നഗരസഭയിലെ 32 വാർഡുകളിലും കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ വിളിച്ചതിൽ താഴെ തന്നിട്ടുള്ള ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

1) അബൂബക്കർ, പിച്ചൻ മഠത്തിൽ – 1000 ലിറ്റർ / 5KM – 375/-രൂപ

2) ഫായിസ് .പി.കെ. പിച്ചൻ കുന്നശ്ശേരി – 1000 ലിറ്റർ / 5KM – 425/-രൂപ

3) മുഹമ്മദ് ഷിബിൻ.പി.എം., പിച്ചൻ മഠത്തിൽ – 1000 ലിറ്റർ / 5KM – 400/- രൂപ

**കുറിപ്പ്:** 1) കുടിവെള്ള വിതരണംത്തിന് ബഹു. ജില്ല കളക്ടർ 18/4/2016 തീയതിയിൽ 21971/16 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16/4/2016 തീയതിയിലെ സ.ഉ.(സാധാ) 1466/2016/ തസ്വഭവ നമ്പർ പ്രകാരം 31.05.2016 തീയതിവരെ കുടിവെള്ള വിതരണം ചെയ്യുന്നതിന് പരമാവധി 10 ലക്ഷം രൂപ ചെലവാക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

3) അബൂബക്കർ, പിച്ചൻ മഠത്തിൽ എന്നവർ നെഗോസിയേഷനു ശേഷം 325/ രൂപ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

### തീരുമാനം

ശ്രീ. അബൂബക്കർ, പിച്ചൻ മഠത്തിൽ എന്നവരുടെ നെഗോസിയേഷനു ശേഷമുള്ള 325/- രൂപ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചു. നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ പക്ഷികൾ, മൃഗങ്ങൾ എന്നിവയ്ക്ക് ദാഹജലം നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള കാര്യം ക്രമീകരിക്കുന്നതിനും തീരുമാനിച്ചു. നഗരസഭാ ചെയർമാൻ നൽകിയ മുൻകൂർ അനുമതി അംഗീകരിച്ചു.

## 12. PW3-7340/16

കോട്ടക്കൽ നഗരസഭയിലെ പാറയിൽ സ്ട്രീറ്റ് മിനികുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ഏകദേശം 60 മീറ്റർ പൈപ്പ് ലൈൻ വെറുതെ കിടക്കുകയാണെന്നും, ടി പൈപ്പ് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിലേയ്ക്ക് കണക്ട് ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത പ്രവൃത്തി നടത്തുന്നതിനായി വാട്ടർ അതോറിറ്റിയെ അറിയിക്കുന്നതിന് ബഹു. ചെയർമാൻ മുൻകൂർ അനുമതി നൽകിയ വിഷയം കൗൺസിൽ അംഗീകാരത്തിന്.

**കുറിപ്പ്:** 19/4/2016ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

### തീരുമാനം

അംഗീകരിച്ചു.

## 13. CDS-13279/2015

കോട്ടക്കൽ നഗരസഭ കുടുംബശ്രീ സി.ഡി.എസ്. ദാരിദ്ര നിർമ്മാർജ്ജന ഫണ്ടിലേയ്ക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ബഹു. നഗരസഭാ കൗൺസിലിന്റെ അറിവിനും അംഗീകാരത്തിനുമായി.

**കുറിപ്പ്:** 1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26/08/2015 തീയതി 5898/F/2008/KSHO നമ്പർ കത്ത്.

2. കുടുംബശ്രീ ജില്ലാമിഷൻ കോ.ഓർഡിനേറ്ററുടെ 19/03/2016-ാം തീയ്യതിയിലെ 946/A1/2016/KSMPM നമ്പർ കത്ത്.

3. ലോക്കൽ ഫണ്ട് സീനിയർ ആഡിറ്റ് ഓഫീസറുടെ 23-ാം നമ്പർ കുറിപ്പ്.

**തീരുമാനം**

നിയമാനുസൃതം യു.പി.എ. ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

## 14. CDS-7241/2016

കോട്ടക്കൽ നഗരസഭ കുടുംബശ്രീ സി.ഡി.എസ്. ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വിഷയം ബഹു. നഗരസഭ കൗൺസിലിന്റെ അറിവിനും അംഗീകാരത്തനുമായി.

**കുറിപ്പ്:** കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 9/3/2016-ാം തീയതിയിലെ കെ.എസ്./ഡി/9747/15 നമ്പർ കത്ത്.

**തീരുമാനം**

ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ചെയർമാൻ, സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി.

**15.** 2016 ഏപ്രിൽ മാസത്തെ സ്റ്റാന്റിംഗ് കമ്മറ്റികൾ നടപടിക്രമം സംബന്ധിച്ച്.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി. എല്ലാ അങ്കണവാടിയിലും ALMSC(അങ്കണവാടി ലെവൽ മോണിറ്ററിംഗ് സപ്പോർട്ടിംഗ് കമ്മറ്റി- കമ്മറ്റിയിലെ അംഗങ്ങൾ, എല്ലാ കൗൺസിലർമാർ, DMO/CHC MO, CDPO/സൂപ്പർവൈസർ, എച്ച്.എം. ഗവൺമെന്റ് എൽ.പി., സാമൂഹിക പ്രവർത്തകർ, സി.ഡി.എസ്. ചെയർപേഴ്സൺ) അടിയന്തിരമായി രൂപീകരിക്കുന്നതിനും, പ്രസ്തുത കമ്മറ്റിയിൽ കൗൺസിലർമാർ നിർബന്ധമായി പങ്കെടുക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

അങ്കണവാടിക്ക് സ്ഥലം കണ്ടെത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചു.

**നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്തതിന്റെ ശേഷം താഴെ പറയുന്ന അജണ്ടകൾ കൂടി പരിഗണിച്ചു**

## 16. PW3-7250/16

കോട്ടക്കൽ നഗരസഭയുടെ സത്യപ്രതിജ്ഞ ചടങ്ങ് നടത്തിയതിലേയ്ക്ക് സൗണ്ട്സ്, സ്റ്റേജ് ക്രമീകരണങ്ങൾ ചെയ്ത തുക 24000/-രൂപ അനുവദിക്കുന്നതിനുള്ള ഹിബ സൗണ്ട്സിന്റെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

അംഗീകരിച്ചു.

## 17. G3-10300/11

കോട്ടക്കൽ കൃഷിഭവൻ ഓഫീസിന്റെ ഇലക്ട്രിസിറ്റി ബിൽ തുക 4308/-രൂപ അടവാക്കുന്നതിന് ബഹു. ചെയർപേഴ്സൺ മുൻകൂർ അനുമതി നൽകിയ നടപടി അംഗീകാരത്തിന്.

**തീരുമാനം**

അംഗീകരിച്ചു.

(യോഗം **12.00** മണിക്ക് അവസാനിച്ചു).

(ഒപ്പ്)
**ചെയർമാൻ,**
**കോട്ടക്കൽ നഗരസഭ.**